**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *467 | 18.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീ ശാക്തീകരണത്തിനായി ജൻഡർ ബജറ്റിംഗ്** | |
| ചോദ്യം | മറുപടി |
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.എം.സി.കമറുദ്ദീൻ**<br>**ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്ത്രീ ശാക്തീകരണത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം വനിത ശിശു വികസന വകുപ്പ് വഴി സ്ത്രീശാക്തീകരണത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. അഭയകിരണം<br>2. സഹായഹസ്തം<br>3. പടവുകൾ<br>4. അതിജീവിക<br>5 സധൈര്യം മുന്നോട്ട് |
| (ബി) സ്ത്രീ ശാക്തീകരണം ശക്തിപ്പെടുത്തുന്നതിനായി ജെൻഡർ ബജറ്റിംഗ്, ആഡിറ്റിംഗ് എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) സ്ത്രീ ശാക്തീകരണം ശക്തിപ്പെടുത്തുവാനായി ജെൻഡർ ബജറ്റിംഗും ജെൻഡർ ആഡിറ്റിംഗും നടപ്പിലാക്കി വരുന്നു. സ്ത്രീകൾക്കായുള്ള പദ്ധതികളുടെ ബജറ്റ് നീക്കിയിരിപ്പിനെ കുറിച്ചുള്ള ധാരണ തരികയും, വർദ്ധിപ്പിക്കേണ്ടിടത്ത് വർദ്ധിപ്പിക്കാനും കുറയ്ക്കേണ്ടവ കുറയ്ക്കുവാനും, ബജറ്റിംഗ് വിഹിതത്തിലെ ജെൻഡർ അനുപാതം മനസ്സിലാക്കുവാനും സഹായിക്കുന്നു. ഇത് തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ ജെൻഡർ ബജറ്റിംഗും / ജെൻഡർ ആഡിറ്റിംഗും നടപ്പിലാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. |
| (സി) എങ്കിൽ സ്ത്രീ സമത്വത്തിനുവേണ്ടി നിലപാട് സ്വീകരിക്കുന്ന ഈ അവസരത്തിൽ ജെൻഡർ ബജറ്റിംഗിലൂടെ വിവേചനം വർദ്ധിപ്പിക്കുന്നുവെന്ന ആക്ഷേപം സർക്കാർ | (സി) പരിശോധിച്ചിട്ടുണ്ട്. സ്ത്രീകൾക്കായുള്ള പദ്ധതികളുടെ ബജറ്റ് നീക്കിയിരുപ്പിനെക്കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കുന്നതിനും ,ബജറ്റ് വിഹിതത്തിൽ ജെൻഡർ അനുപാതം മനസിലാക്കി പുതിയ |

| | |
|---|---|
| പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ജെൻഡർ ബജറ്റിംഗിലൂടെ കഴിയുന്നുണ്ട്. ഇതോടൊപ്പം സ്ത്രീകൾക്ക് നേരെ വർദ്ധിച്ച് വരുന്ന അതിക്രമങ്ങൾ തടയാനായി ബോധവൽക്കരണത്തിലൂടെ സമൂഹമനസ്സിനെ മാറ്റുവാനും തുല്യതയിൽ ഊന്നിയ കാഴ്ചപ്പാട് ഉണ്ടാക്കുവാനുമായി ജെൻഡർ അവബോധ പരിപാടികൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്.ജെന്റർ ബജറ്റ് ആരംഭിച്ചതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കും 10% ആയിരുന്ന ബജറ്റ് ഫണ്ട് 11.5 % ആയി ഉയർത്തിയിട്ടുണ്ട്.ഇത്തരത്തിൽ ഫണ്ട് വിനിയോഗിക്കപ്പെട്ടുമ്പോൾ സ്ത്രീ പുരുഷ സമത്വം പരിപാലിക്കപ്പെട്ടുകയും വിവേചനത്തിന്റെ തോത് ലഘൂകരിക്കുന്നതിനും വഴിതെളിക്കുന്നതാണ്. |

Sd/-

**സെക്ഷൻ ഓഫീസർ**